ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), മാംഗളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ.), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ.) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31-10-2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്.

(സി) ഇല്ല.

റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യകൾ

325 (1382) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു നിർമ്മാണത്തിന് എന്തെല്ലാം നൂതന സാങ്കേതിക വിദ്യകൾ നിലവിലുണ്ടെന്നു വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡു നിർമ്മാണം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡാണ് ഈ രീതിയിൽ നിർമ്മിച്ചിട്ടുള്ളതെന്നും, അവയ്ക്ക് എത്ര തുക ചെലവായെന്നും അറിയിക്കുമോ;

(സി) ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഏറ്റവും കുറഞ്ഞ കാലാവധി എത്രയാണെന്നു വിശദമാക്കുമോ;

(ഡി) ഈ സാങ്കേതിക വിദ്യ ഉപേയാഗിച്ചുള്ള റോഡു നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) റോഡ് നിർമ്മാണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബിറ്റുമെൻ മിക്സിംഗ് പ്ലാന്റുകൾ സെൻസർ പേവറുകൾ എന്നിവ ഉപയോഗിച്ചിട്ടുള്ള ടാറിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇത്തരത്തിലുള്ള ടാറിംഗ് പ്രവൃത്തികൾ കൂടാതെ നൂതനമായ പേവർ മെഷീനുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചുള്ള കോൺക്രീറ്റ് റോഡുകൾ അൾട്രാ തിൻ വൈറ്റ് ടേപ്പിംഗ് പേവർ ബ്ലോക്ക് സർഫസിംഗ്, ബിറ്റുമെൻ കോൾഡ് മിക്സ് സർഫസിംഗ്, പാർശ്വഭിത്തി നിർമ്മാണത്തിനായ റീർഫോർസ്ഡ് എർത്ത് വാൾ, സോയിൽ നെയിലിംഗ്, മണ്ണ് ഉറപ്പിക്കുന്നതിനായി മൈക്രോപൈലിംഗ്, സ്റ്റോൺ കോളം പ്രീഫാബ്രിക്കേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ജിയോ സിന്തറ്റിക് ട്രീറ്റ്മെന്റ്സ് മുതലായ സാങ്കേതിക വിദ്യകൾ നിലവിലുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടപ്പാക്കുന്ന റോഡ് വികസന പദ്ധതികളിൽ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് മാനദണ്ഡപ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് റോഡ് നിർമ്മാണത്തിന് GSB, WMM, BM/DBM, BC എന്നീ പാളികൾ ഒന്നിന് മുകളിൽ ഒന്നായി നിർമ്മിച്ച് ആണ് റോഡ് ഉപരിതലം പൂർത്തിയാക്കുന്നത്. ഇതുകൂടാതെ Stone Mastic Asphalt (SMA) ഉപയോഗിച്ച് ഉപരിതലം നിർമ്മാണം ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ടി.പി.-യുടെ പൊൻകുന്നം-തൊടുപുഴ റോഡിലെ 10 കി.മീ. stretch-ൽ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, മോർത്ത് സ്പെസിഫിക്കേഷൻ 2013 പ്രകാരം ബിറ്റുമിനസ് പേവ്മെന്റ് നിർമ്മിക്കാൻ ബിറ്റുമിനസ് മക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മക്കാഡം, സാന്റ് ആസ്ഫാൾട്ട് ബേസ് കോഴ്സ്, ക്ലോസ് ഗ്രേഡഡ് പ്രിമിക്സ് സർഫേസിംഗ്/മിക്സഡ് സീൽ സർഫേസിംഗ്, സീൽ കോട്ട്, സ്ലറി സീൽ, ഫോഗ് സ്പ്രേ, മൈക്രോ സർഫസിംഗ്, സ്റ്റോൺ മെടിക്സ് ആസ്ഫാൾട്ട്, മാസ്റ്റിക്ക് ആസ്ഫാൾട്ട്, ക്രാക്ക് പ്രിവൻഷൻ കോഴ്സ്, ബിറ്റുമിനസ് കോൾഡ് മിക്സ്, റീ-സൈക്ലിംഗ് ബിറ്റുമിനസ് പേവ്മെന്റ് എന്നീ സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് 14.8 കി.മീ. പ്ലാസ്റ്റിക് റോഡ് നിർമ്മിച്ചിട്ടുണ്ട്. ഇതിനായി ആകെ 223.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല എങ്കിലും ഇത്തരം റോഡുകൾ തുടർച്ചയായി നിരീക്ഷിച്ചതിൽ അഞ്ചുവർഷക്കാലം ഒരു കുഴപ്പവും കൂടാതെ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിലെ ഗ്രാമീണ റോഡുകളും ഗതാഗതം കുറഞ്ഞ റോഡുകളും പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നാഷണൽ റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിർമ്മിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് (ജി.ഒ.(എംഎസ്.) നമ്പർ 61/2013/പൊ.മ.വ. തീയതി 20-7-2013) പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly